**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>ക്ലാർക്ക് ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ് ക്ലാർക്ക്(വിവിധ വകുപ്പുകൾ) തസ്തികയിലെ വിജ്ഞാപനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. അൻവർ സാദത്ത് ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** വിവിധ വകുപ്പുകളിൽ നിലവിലുള്ള ക്ലാർക്ക് ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ് ക്ലാർക്ക് തസ്തികകൾ സംബന്ധിച്ച് പ്രവൃത്തി പഠനം നടത്തിയ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ.ആർ.) വകുപ്പ് പ്രവൃത്തി പഠനം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇല്ലെങ്കിൽ പ്രവൃത്തി പഠനം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** ഇല്ല. വിവിധ വകുപ്പുകളിൽ നിലവിലുള്ള ക്ലാർക്ക് ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ് ക്ലാർക്ക് തസ്തികകൾ സംബന്ധിച്ച് പ്രവൃത്തി പഠനം നടത്തി ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നുള്ള വിവരശേഖരണം പൂർത്തിയായിട്ടുണ്ട്. ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ കരട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

**(ബി)** പ്രസ്തുത തസ്തികയിലേയ്ക്കുള്ള പി.എസ്.സി. വിജ്ഞാപനം വർഷങ്ങളായി തടസ്സപ്പെട്ടിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വ്യക്തമാക്കുമോ?

**<u>മറുപടി:</u>** ഭൂരിഭാഗം ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം നിലവിൽ വന്നതു കാരണം ഫിസിക്കൽ ഫയലുകൾ ഇല്ലാതായ സാഹചര്യത്തിൽ ടൈപ്പിസ്റ്റ് തസ്തികകളുടെ ജോലിഭാരത്തിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട്. പ്രവൃത്തിപഠനം നടക്കുന്ന കാലയളവിൽ പുതിയൊരു പി.എസ്.സി വിജ്ഞാപനം പുറപ്പെടുവിക്കുകയും ക്ലാർക്ക് ടൈപ്പിസ്റ്റ് തസ്തിക, ക്ലാർക്ക് തസ്തികകളാക്കി മാറ്റുന്നതിന് പ്രവർത്തിപഠന അന്തിമ റിപ്പോർട്ടിൽ ശിപാർശ ചെയ്യുകയുമാണെങ്കിൽ പി.എസ്.സി വിജ്ഞാപനം റദ്ദ് ചെയ്യേണ്ട സാഹചര്യം ഉണ്ടായേക്കും എന്നതിനാലാണ് പ്രസ്തുത പ്രവർത്തിപഠനം പൂർത്തിയാകുന്നത് വരെ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതില്ലെന്ന് പി.എസ്.സിയെ അറിയിച്ചിട്ടുള്ളത്. പ്രവർത്തിപഠനം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ടി വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

**സെക്ഷൻ ഓഫീസർ**